# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 6488      11.07.2012-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

**<u>സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളുടെ അന്വേഷണം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തുണ്ടാകുന്ന കൊലപാതകങ്ങൾ സംബന്ധിച്ച അന്വേഷണങ്ങൾ രാഷ്ട്രീയ പ്രേരിതമായി നടത്താറുണ്ടോ; എങ്കിൽ അവ രാഷ്ട്രീയ പ്രേരിതമല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) കൊലപാതകങ്ങൾ സംബന്ധിച്ച അന്വേഷണങ്ങൾ രാഷ്ട്രീയ പ്രേരിതമായിട്ടല്ല നടത്തി വരുന്നത്. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം നടന്ന നാന്നൂറോളം കൊലപാതകങ്ങളിൽ എത്രയെണ്ണത്തിന്റെ അന്വേഷണം ഇപ്പോഴും നടക്കുന്നു; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്ന കൊലപാതകങ്ങളിൽ 213 എണ്ണത്തിന്റെ അന്വേഷണങ്ങൾ ഇപ്പോഴും നടന്നു വരുകയാണ്. |
| (സി) എല്ലാ കൊലപാതക സംഭവങ്ങളേയും ഒരു പോലെ കാണാനും നീതിപൂർവ്വമായും ഊർജ്ജിതമായും അന്വേഷിക്കാൻ തയ്യാറാവാത്തതും എന്തുകൊണ്ടാണ്; | (സി) എല്ലാ കൊലപാതക കേസുകളിലും നീതിപൂർവ്വവും ഊർജ്ജിതവുമായ അന്വേഷണവുമാണ് നടത്തി വരുന്നത്. |
| (ഡി) ഇടുക്കിയിലെ അനീഷ് രാജ്, വടകരയിലെ ടി.പി. ചന്ദ്രശേഖരൻ എന്നിവരുടെ കൊലപാതകങ്ങൾ ഏതെല്ലാം തീയതികളിലാണ് നടന്നത്; | (ഡി) ഇടുക്കിയിലെ അനീഷ് രാജ് 18.03.2012 നും, ടി.പി. ചന്ദ്രശേഖരൻ 04.05.2012 ലുമാണ് വധിക്കപ്പെട്ടത്. |
| (ഇ) മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയുമുൾപ്പെടെയുള്ള മന്ത്രിമാരും കേന്ദ്രമന്ത്രിമാരും മറ്റ് മന്ത്രിമാരും കൊല ചെയ്യപ്പെട്ട മേല്പറഞ്ഞ ആരുടെയെല്ലാം വീടുകൾ സന്ദർശിക്കുകയുണ്ടായി; | (ഇ) ടി.പി ചന്ദ്രശേഖരന്റെ വീട് സന്ദർശിക്കുകയുണ്ടായി. |
| (എഫ്) കൊല ചെയ്യപ്പെട്ടവരുടെ പോസ്റ്റുമോർട്ടം നടത്തിയ ഏതെല്ലാം ആശുപത്രികൾ ആഭ്യന്തരമന്ത്രി സന്ദർശിക്കുകയുണ്ടായി? | (എഫ്) കൊല ചെയ്യപ്പെട്ട ടി.പി. ചന്ദ്രശേഖരന്റെ പോസ്റ്റ് മോർട്ടം കോഴിക്കോട് മെഡിക്കൽകോളേജിൽ വച്ച് 05.05. 2012 - ൽ നടത്തിയിരുന്നു. അന്നേ ദിവസം ആഭ്യന്തര വകുപ്പ് മന്ത്രി കോഴിക്കോട് മെഡിക്കൽകോളേജ് സന്ദർശിച്ചിരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ